**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5382**
**01.07.2013 ലെ മറുപടിക്ക്**

## പ്രാദേശികമായി മുൻഗണനയുള്ള ചെറുകിട പദ്ധതികൾ

| ചോദ്യം.<br>ശ്രീ. കെ. ദാസൻ. | | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | പ്രാദേശികമായി മുൻഗണനയുള്ള ചെറുകിട പദ്ധതികൾ തദ്ദേശ തലത്തിൽ ഏറ്റെടുത്ത് നടത്തുന്ന തലത്തിൽ ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയുടെ ഭാഗമായി 2011-12,2012-13 വർഷങ്ങളിൽ എത്ര പദ്ധതികളാണ് കോഴിക്കോട് ജില്ലയില് നടപ്പാക്കിയത് ; പഞ്ചായത്ത് തിരിച്ച്, വർഷം തിരിച്ച് വിശദമാക്കമോ ? | പ്രാദേശികമായ മുൻഗണനാ പ്രവൃത്തികൾക്കായുള്ള പ്രത്യേക പദ്ധതി 2013 മാർച്ച് 30 ലെ സ.ഉ(പി) നം.144/2013 ധന. പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ വന്നത്. പ്രസ്തുത പദ്ധതി 2011-12,2012-13 സാമ്പത്തിക വർഷം പ്രാബല്യത്തിൽ വന്നിട്ടില്ലാത്തതിനാൽ ആ വർഷങ്ങളിൽ ടി പദ്ധതിയ്ക്ക് കീഴിൽ പ്രവൃത്തികളൊന്നും തന്നെ നടപ്പാക്കിയിട്ടില്ല. എന്നാൽ 2013-2014 സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ഗ്രാമ പഞ്ചായത്തിലെ 'സാംസ്കാരിക നിലയം അത്രർ റോഡ്' റീ ടാറിംഗിനായി ടി പദ്ധതിയിൻ കീഴിൽ 5 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. |
| (ബി) | പ്രാദേശിക മുൻഗണനയുള്ള ചെറുകിട പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കമോ ; | പ്രാദേശിക മുൻഗണനയുള്ള ചെറുകിട പദ്ധതികൾ നടപ്പിലാക്കുന്നതിന് 30.03.2013 ലെസ.ഉ(പി) നം.144/2013/ധന, 18.02.2013 ലെ സ.ഉ.(പി)നം.70/2014/ധന. എന്നീ ഉത്തരവുകൾ പ്രകാരം ധനവകുപ്പ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 2014-2015 വർഷം ഈ പദ്ധതിയിൽ | പ്രാദേശിക മുൻഗണനാ പദ്ധതി, നിയോജക മണ്ഡലാടിസ്ഥാനത്തിൽ |

| | | |
|---|---|---|
| | എന്തെങ്കിലും പ്രവൃത്തികൾ നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ ; | നടപ്പാക്കുന്ന ഒരു പദ്ധതിയല്ല. കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിന്നും 2014-15 വർഷം ഈ പദ്ധതിയിലുൾപ്പെടുത്തി പ്രവൃത്തി നിർദ്ദേശങ്ങളൊന്നും തന്നെ ഇതുവരെ ലഭിച്ചിട്ടില്ല. |
| (ഡി) | പ്രാദേശിക മുൻഗണന ചെറുകിട പദ്ധതികൾ നടപ്പാക്കുന്നതിന് നിയമസഭ സാമാജികർ നൽകുന്ന ശുപാർശ/അപേക്ഷ അനുസരിച്ച് ഭരണാനുമതി നല്കാൻ നടപടികൾ സ്വീകരിക്കുമോ ? | സ.ഉ(പി) നം.144/2013/ധന. തീയതി 2013 മാർച്ച് 30 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പ്രാദേശിക മുൻഗണനാ പ്രവൃത്തിയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് തദ്ദേശ പ്രതിനിധികൾ, പൊതു പ്രവർത്തകർ, സംഘടനകൾ, വിശിഷ്ട വ്യക്തികളടക്കം നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ആണ് മുൻഗണനാ ക്രമത്തിൽ പ്രസ്തുത പദ്ധതിയ്ക്ക് കീഴിൽ അനുവദിക്കുന്നത്. നിയമസഭാ സാമാജികർക്ക് നിയോജക മണ്ഡല വികസനത്തിനായി MLA-SDF, LAC-ADS എന്നീ സ്കീമുകളിലുൾപ്പെടുത്തി തുക വകയിരുത്തിയിട്ടുള്ളതിനാൽ, നിയമസഭാ സാമാജികരുടെ ശുപാർശ "പ്രാദേശിക മുൻഗണനാ പദ്ധതി" പ്രകാരമുള്ള പ്രവൃത്തികൾക്കായി പരിഗണിക്കാൻ കഴിയില്ല. |

**സെക്ഷൻ ഓഫീസർ**

മുൻഗണന നൽകി ഈ പദ്ധതിയിലൂടെ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

5. ഓരോ ജില്ലയിലേയും തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഈ പ്രവൃത്തികളുടെ നോഡൽ ഓഫീസർ ആയിരിക്കും.

6. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, നിർവ്വഹണം എന്നിവ ഈ ഉദ്യോഗസ്ഥന്റെ ചുമതല ആയിരിക്കും. ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ് ഈ പദ്ധതി നടത്തിപ്പിനുള്ള സംസ്ഥാനതല നോഡൽ ഏജൻസി ആയിരിക്കും.

7. പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തിയുടെ ആവശ്യകതയും പ്രായോഗികതയും ജില്ലാ നോഡൽ ഉദ്യോഗസ്ഥൻ പഠന വിധേയമാക്കി മുൻഗണനാക്രമം നൽകി നടപടിക്രമങ്ങൾ പാലിച്ച് സർക്കാരിന് അംഗീകാരത്തിനായി സമർപ്പിക്കുന്നതായിരിക്കും.

8. തദ്ദേശീയമായി പ്രാധാന്യമുള്ളതും എന്നാൽ മുടങ്ങി കിടക്കുന്നതുമായ ചെറുകിട പ്രവൃത്തികൾ പൂർത്തീകരിക്കുവാനും പദ്ധതിയുടെ ഫണ്ട് ഉപയോഗപ്പെടുത്താവുന്നതാണ്.

9. പദ്ധതിയുടെ പ്രയോജനം സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള ചെറുകിട പ്രവൃത്തികൾക്ക് മാത്രം പരിമിതപ്പെടുത്തുന്നതാണ്.

10. ഇത്തരത്തിൽ നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതിയോടെ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം ഭരണാനുമതി പുറപ്പെടുവിക്കുന്നതാണ്.

11. സർക്കാരിന്റെ നിലവിലുള്ള എല്ലാ നിയമങ്ങളും നടപടിക്രമങ്ങളും പാലിച്ച് മാത്രമായിരിക്കും പ്രവൃത്തികൾ നടപ്പിലാക്കുന്നത്.

12. ഓരോ സാമ്പത്തിക വർഷവും പദ്ധതി നടത്തിപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ പരിധിക്കുള്ളിൽനിന്ന് മുൻഗണനാക്രമത്തിൽ മാത്രമായിരിക്കും ഭരണാനുമതി നൽകുക.

13. പദ്ധതി പ്രകാരം ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾ കഴിയുന്നതും അതത് സാമ്പത്തിക വർഷം തന്നെ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. ഏതെങ്കിലും കാരണം കൊണ്ട് ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാത്ത പ്രവൃത്തികൾ അടുത്ത സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്നു



മാസത്തിനുള്ളിൽ തന്നെ പൂർത്തിയാക്കേണ്ടതാണ്.

14. പ്രവൃത്തികളുടെ നടത്തിപ്പിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള നടപടിക്രമങ്ങൾ ഈ പദ്ധതിയുടെ നടത്തിപ്പിലും ബാധകമായിരിക്കുന്നതാണ്.

15. പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാതല നോഡൽ ഓഫീസർ മുഖേന ധനകാര്യ വകുപ്പിൽ നൽകേണ്ടതാണ്.

16. ഈ പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുകൾ '4515-00-800-97 പ്രാദേശികമായ മുൻഗണനാപ്രവൃത്തി നോൺപ്ലാൻ' എന്ന ശീർഷകത്തിൽ വഹിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ഡോ. വി. പി. ജോയ്,**
*ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി.*

എല്ലാ നിയമസഭാ സാമാജികർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എല്ലാ സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പു തലവൻമാർക്കും.
പബ്ലിക് റിലേഷൻസ് ഡയറക്ടർ.
ട്രഷറി ഡയറക്ടർ.
എല്ലാ ഡിസ്ട്രിക്ട് ട്രഷറി ഓഫീസർമാർക്കും.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി.
നോഡൽ ഓഫീസർ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ്—പ്രാദേശികമായ മുൻഗണനാ പ്രവൃത്തികൾക്കായുള്ള പ്രത്യേക പദ്ധതി—മാർഗ്ഗരേഖ—ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

---

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

സ. ഉ. (പി) നം. 144/2013/ധന. *തീയതി, തിരുവനന്തപുരം, 2013 മാർച്ച് 30.*

---

## ഉത്തരവ്

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാദേശികമായി ആവശ്യമുള്ള ചെറുകിട പ്രവൃത്തികൾ തദ്ദേശ തലത്തിൽ ഏറ്റെടുത്ത് നടപ്പാക്കുവാനുള്ള ഒരു പദ്ധതിക്കായി സർക്കാർ നടപ്പ് വർഷത്തെ (2012-13) ബഡ്ജറ്റിൽ അഞ്ചുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ചുവടെ കൊടുക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. തദ്ദേശീയമായി പ്രാധാന്യമുള്ളതും സമയബന്ധിതമായി നടപ്പാക്കേണ്ടതുമായ ചെറുകിട പ്രവൃത്തികൾ ഈ പദ്ധതിയുടെ പരിധിയിൽ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്താവുന്നതാണ്.
2. തദ്ദേശീയ റോഡുകൾ, കലുങ്കുകൾ, പാലങ്ങൾ, ചെറിയ കെട്ടിടങ്ങൾ, ജലമണ്ണു സംരക്ഷണ പ്രവൃത്തികൾ തുടങ്ങിയ ചെറുകിട പ്രവർത്തികളായിരിക്കണം പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ടത്.
3. പ്രാദേശീയ മുൻഗണനാ പ്രവൃത്തികൾക്കായുള്ള ഈ പദ്ധതി 2012-13 വർഷം നിലവിൽ വരും.
4. തദ്ദേശ പ്രതിനിധികൾ, പൊതുപ്രവർത്തകർ, സംഘടനകൾ, വിശിഷ്ട വ്യക്തികൾ അടക്കം നിർദ്ദേശിക്കുന്ന പ്രവൃത്തികൾ

## കേരള സർക്കാർ

### സംഗ്രഹം

ധനകാര്യ വകുപ്പ് - പ്രാദേശികമായ മുൻഗണനാ പ്രവൃത്തികൾക്കായുള്ള പ്രത്യേക പദ്ധതി-മാർഗ്ഗരേഖ-പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

---

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

സ.ഉ (പി) നം.70/2014/ധന തീയതി,തിരുവനന്തപുരം, 18.02.2014

---

പരാമർശം- (1) സ.ഉ.(പി) നം.144/2013/ധന തീയതി 30.03.2013

### ഉത്തരവ്

സൂചന ഉത്തരവ് പ്രകാരം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാദേശികമായി ആവശ്യമുള്ള ചെറുകിട പ്രവൃത്തികൾ തദ്ദേശതലത്തിൽ ഏറ്റെടുത്ത് നടപ്പാക്കുവാൻ ലക്ഷ്യമിടുന്ന പ്രത്യേക പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിരുന്നു. പ്രവൃത്തിയുടെ ആവശ്യകതയും പ്രായോഗികതയും ജില്ലാ നോഡൽ ഉദ്യോഗസ്ഥൻ പഠന വിധേയമാക്കി മുൻഗണനാക്രമം നൽകി നടപടിക്രമങ്ങൾ പാലിച്ച് സർക്കാർ അംഗീകാരത്തിന് സമർപ്പിക്കുന്നതായിരിക്കും എന്ന് ഖണ്ഡിക 7 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ മാനദണ്ഡങ്ങൾ സർക്കാർ പുനഃപരിശോധനയ്ക്ക് വിധേയമാക്കി പ്രസ്തുത മാനദണ്ഡങ്ങളിലെ 7-മത് ഇനം താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

"ഈ പദ്ധതിയിൻകീഴിൽ ഏറ്റെടുക്കേണ്ടുന്ന പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിനുള്ള അധികാരം ധനകാര്യ വകുപ്പിൽ നിക്ഷിപ്തമായിരിക്കും"

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**
**എം. ഗിരീഷ്കുമാർ**
**ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ഫിനാൻസ് റിസോഴ്സസ്)**

പകർപ്പ് :

1. എല്ലാ നിയമസഭാ സാമാജികർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
5. എല്ലാ സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും
6. എല്ലാ വകുപ്പ് തലവൻമാർക്കും
7. പബ്ലിക് റിലേഷൻസ് ഡയറക്ടർ
8. ട്രഷറി ഡയറക്ടർ
9. എല്ലാ ഡിസ്ട്രിക്ട് ട്രഷറി ഓഫീസർക്കും
10. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
11. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
12. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
13. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി
14. നോഡൽ ഓഫീസർ, www.finance.kerala.gov.in
15. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ